**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1528**

**10/02/2020 ൽ മറുപടിക്ക്**

## ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി

ചോദ്യം
**ശ്രീ. കെ.രാജൻ**

മറുപടി
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രൂപീകരിച്ച ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ;

**എ)** കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) യുടെ കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽ പേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവര സങ്കേതം പദ്ധതി സഹായിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ വെബ്പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ/ ഫേസ്ബുക്ക് ഗ്രൂപ്പ്/ ഫേസ്ബുക്ക് ലൈവ്/ വാട്ട്സ് ആപ്പ് ഗ്രൂപ്പ്/ എസ്.എം.എസ്. ഗ്രൂപ്പ്/ യുട്യൂബ് ചാനൽ തുടങ്ങിയ മാദ്ധ്യമങ്ങൾ വഴി കൃഷിയിലേയ്ക്കും അനുബന്ധ തൊഴിൽ മേഖലകളിലേയ്ക്കും കൂടുതൽ കർഷകരെ ആകർഷിച്ചു വരുന്നു. ആലപ്പുഴ കേന്ദ്രമാക്കി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കീഴിൽ ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

**ബി)** ഇത് രൂപീകരിച്ചതിന് ശേഷം കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**ബി** 'കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ', കാർഷിക കാൾസെന്റർ - 1800-425-1661 മുഖേനയുള്ള സേവനങ്ങൾ മൂലം കൂടുതൽ കർഷകർക്ക് ആധുനിക കാർഷിക വിവരങ്ങൾ ലഭിക്കുന്നു. അവരുടെ സംശയങ്ങൾക്ക് കോൾ സെന്റർ, വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷനുകൾ, എസ്.എം.എസ്. എന്നിവ മൂലം മറുപടി ലഭിക്കുന്നു. കൃഷിമന്ത്രിയുമായി നേരിട്ട് സംവദിക്കുവാനും കർഷകരുടെ അഭിപ്രായങ്ങൾ ഫീഡ്ബാക്കുകൾ എന്നിവ നൽകുവാനും "കൃഷിമന്ത്രിവിളിപ്പുറത്ത്" പരിപാടി പ്രയോജനപ്പെടുന്നു. കൃഷിവകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടേയും സേവനങ്ങൾ കർഷകരിലേയ്ക്ക് പരമാവധി എത്തിക്കുന്ന തിനും കർഷകരുടെ പ്രശ്നങ്ങളും സംശയങ്ങളും സമയ ബന്ധിതമായി പരിഹരിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും "കൃഷിമന്ത്രി

വിളിപ്പുറത്ത്" പ്രയോജനപ്പെടുന്നു. ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂളിൽ ശീതകാല പച്ചക്കറികളെക്കുറിച്ച് നടത്തിയ ഫീൽഡ് സ്കൂൾ 48,337 ഗുണഭോക്താക്കളിലെത്തുകയും ഇതിൽ പലരും സ്വന്തം നിലയിൽ ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുകയും ചെയ്തു. കാർഷിക പദ്ധതികൾ, ആധുനിക കൃഷിരീതികൾ എന്നിവ ചെറിയ വീഡിയോകളായി കാർഷിക വിവര സങ്കേതം വാട്ട്സ് ആപ്പ് ഗ്രൂപ്പ്, ഫേസ്ബുക്ക് പേജ് എന്നിവകളിലൂടെ കർഷകർക്ക് നൽകുന്നു. ഇതു കൂടാതെ കിസ്സാൻ കൃഷിദീപം, നൂറുമേനി യൂട്യൂബ് ചാനലുകളിലൂടെ ഇരുപത്തിനാല് മണിക്കൂറും കർഷകർക്ക് ലഭ്യമാക്കുന്ന രീതിയിൽ നൽകിയിട്ടുണ്ട്. അനുഭവസമ്പത്തുള്ള ഉദ്യോഗസ്ഥരുടെ ക്ലാസ്സുകൾ തൽസമയം കേരളത്തിലെന്നല്ല ലോകമെമ്പാടുമുള്ള കർഷകർക്ക് പ്രയോജനപ്പെടുത്തുവാൻ 'കൃഷിപാഠശാല' പരിപാടിയിലൂടെ സാധിക്കുന്നു. ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പച്ചക്കറിവിളകളുടെ ജൈവകൃഷി രീതികളെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും വിശദമായ ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂൾ പരിപാടിയാണിത്. രണ്ടാഴ്ചയിലൊരിക്കൽ 45 മിനിറ്റ് ദൈർഘ്യമുള്ള പരിപാടിയിൽ 30 മിനിറ്റ് ക്ലാസ്സും 15 മിനിറ്റ് കർഷകരുമായുള്ള ചോദ്യോത്തര പരിപാടിയുമാണുള്ളത്.

സെക്ഷൻ ഓഫീസർ